**ഫോറം നമ്പർ 10**

*ചട്ടം 21(16) കാണുക*

19–ാംവകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം

നമ്പർ: സി12 - 466/16 തീയതി: 28-02-2018

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് 2013–ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) വകുപ്പ് 11 ഉപവകുപ്പ് 1 പ്രകാരമുള്ള വിജ്ഞാപനം 30.08.2017 തീയതിയിലെ 1901 നമ്പർ കേരള അസാധാരണ ഗസറ്റ്, 04.11.2017 തീയതിയിലെ മംഗളം, കേരള കൗമുദി എന്നീ ദിനപത്രങ്ങളിലും, ബന്ധപ്പെട്ട ഓഫീസുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിനാലും.

2013–ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും, പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) വകുപ്പ് 15 ഉപവകുപ്പ് 1 പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതുകാര്യത്തിനായി പരിഗണിച്ച് പൊന്നുംവിലയ്ക്ക് ഏറ്റെടുക്കേണ്ടതാണെന്ന് സ്ഥലമെടുപ്പ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടിരിക്കുന്നതിനാലും.

ഇപ്പോൾ അതിനാൽ പ്രസ്തുത നിയമത്തിന്റെ വകുപ്പ് 19 പ്രകാരം താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും ഏകദേശം 0.1469 ഹെക്ടർ (14.69 ആർ) അല്ലെങ്കിൽ അതിൽ അൽപം കൂടുതലോ, കുറവോ വിസ്തീർണ്ണം വരുന്ന സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ കളമശ്ശേരി സബ് സ്റ്റേഷൻ മുതൽ മെട്രോ യാർഡ് മുട്ടം വരെയുള്ള ഭൂഗർഭ കേബിളുകൾ ഇടുന്നതിനു വേണ്ടി ആവശ്യമുണ്ടെന്ന് ഇതിനാൽ പ്രഖ്യാപിക്കുകയും ഭൂമി പൊന്നുംവിലയ്ക്കെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 2, കൊച്ചി മെട്രോ റെയിൽ പ്രോജക്ട്, കാക്കനാട്, എന്നയാളോട് നിർദ്ദേശിക്കുകയും ചെയ്യുന്നു.

സ്ഥലത്തിന്റെ ഒരു രൂപരേഖ സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 2, കൊച്ചി മെട്രോ റെയിൽ പ്രോജക്ട്, കാക്കനാട്, ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതും ഓഫീസ് സമയത്ത് എപ്പോൾ വേണമെങ്കിലും അത് പരിശോധിക്കാവുന്നതാണ്.

## പട്ടിക 1

## പൊന്നുംവില സ്ഥലത്തിൻെറ വിശദ വിവരങ്ങൾ

### ജില്ലാ - എറണാകുളം

*താലൂക്ക് - കണയന്നൂർ* *വില്ലേജ് - തൃക്കാക്കര വടക്ക്*

| ക്രമ നമ്പർ | സർവ്വെ നമ്പർ | നിലവിലെ സ്ഥിതി | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 87/4 | നിലം | 0.0109 |
| 2 | 87/5 | നിലം | 0.0048 |
| 3 | 89/2 | പുരയിടം | 0.0016 |
| 4 | 89/3 | പുരയിടം | 0.0047 |
| 5 | 89/4 | നിലം | 0.0252 |
| 6 | 89/5 | നിലം | 0.0066 |
| 7 | 89/10 | നിലം | 0.0015 |
| 8 | 89/12 | നിലം | 0.0022 |
| | | ആകെ - | 0.0575 |

*താലൂക്ക് - ആലുവ* *വില്ലേജ് - ചൂർണ്ണിക്കര*

| ക്രമ നമ്പർ | സർവ്വെ നമ്പർ | നിലവിലെ സ്ഥിതി | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 20 ഭാഗം | നിലം | 0.0362 |
| 2 | 21/14 | നിലം | 0.0401 |
| 3 | 24/11 | നിലം | 0.0064 |
| 4 | 25/5 | പുരയിടം | 0.0067 |
| | | ആകെ - | 0.0894 |

ആകെ മൊത്തം - **0.1469**

(0.0575 + 0.0894)

## പട്ടിക 2

പുനരധിവാസത്തിനുള്ള ഭൂമിയുടെ വിവരങ്ങൾ

*(ബാധകമല്ല)*

## പട്ടിക 3

(പുനരധിവാസത്തിനും പുനസ്ഥാപനത്തിനും പദ്ധതിയുടെ വിവരങ്ങൾ

*(ബാധകമല്ല)*

28.2.18

കളക്ട്രേറ്റ് ജില്ലാ കളക്ടർ